**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1414** 01-02-2024 - ൽ മറുപടിയ്ക്ക്

**മങ്കടമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വിളിച്ച ചേർത്ത യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മങ്കട നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണപുരോഗതി അറിയിക്കുമോ; | (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന മങ്കട നിയോജകമണ്ഡ ലത്തിലെ സ്കൂളുകളു നിർമ്മാണപുരോഗതി ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി ഫണ്ട്**<br><br>5 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട മക്കാരപ്പറ ജി.എച്ച്.എസ്.എസിന്റെ നിർമ്മാണ പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്ബി ഫണ്ട്-**<br><br>3 കോടി കിഫ്ബി ഫണ്ടിലുൾപ്പെ ജി.എച്ച്.എസ്.എസ്.പാങ്ങ് സ്കൂളിന് 3.90 കോ രൂപയുടെ പുതുക്കിയ ഭരണാനുമ നൽകിയിട്ടുണ്ട്. Project Execution Documen കിഫ്ബി അംഗീകരിച്ചു. ടെണ്ടർ നടപടിക സ്വീകരിച്ചിട്ടുണ്ട്.<br><br>ജി.എച്ച്.എസ്.എസ്.മങ്കട, പള്ളിപ്പുറം സ്കൂളി 3.90 കോടി രൂപയുടെ പുതുക്കിയ ഭരണാനുമ നൽകിയിട്ടുണ്ട്. മണ്ണ് പരിശോധനയ്ക്ക് ശേഷ footingൽ മാറ്റം വരുത്തേണ്ട വന്നതിനെത്തുടർന്ന് പുതുക്കിയ പ്രൊപ്പോസ സാങ്കേതിക അനുമതിയ്ക്കായി കിഫ്ബിക്ക നൽകേണ്ടതുണ്ട്.<br><br>ജി.എച്ച്.എസ്.എസ്.മങ്കട സ്കൂളിന് 3.90 കോ രൂപയുടെ പുതുക്കിയ ഭരണാനുമ നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേ ഉൾപ്പെടുത്തിയുള്ള പ്രൊപ്പോസൽ സാങ്കേതിക അനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.<br><br>ജി.എച്ച്.എസ്.എസ്.കട്ടുങ്ങാപ്പുരം സ്കൂളിന് 3.9 കോടി രൂപയുടെ പുതുക്കിയ ഭരണാനുമ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാര സാങ്കേതിക അനുമതിയ്ക്ക് പ്രൊപ്പോസര തയ്യാറാക്കി വരുന്നു.<br><br>**1 കോടി കിഫ്ബി ഫണ്ട് -**<br><br>1 കോടി കിഫ്ബി ഫണ്ടിൽ ഉൾപ്പെ ജി.എച്ച്.എസ്.ചെറിയം മങ്കട, ജി.യു.പി.എസ മങ്കട പള്ളിപ്പുറം, ജി.യു.പി.എസ്.കൂട്ടിലങ്ങാട ജി.യുപിഎസ് പാങ്ങ് എന്നീ സ്കൂളുകളു നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടന നിർവ്വഹിച്ചു. |
| (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ യോഗത്തിനു ശേഷം വകുപ്പ് എത്ര തവണ ഈ മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബന്ധപ്പെട്ട ഏജൻസികളുടെ യോഗം വിളിച്ച് ചേർത്തിട്ടുണ്ട്; യോഗങ്ങൾ ചേർന്നിട്ടില്ലെങ്കിൽ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ യഥാസമയം പ്രവൃത്തികളുടെ പുരോഗതി പൊതുവിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ യോഗതീരുമാനം അനുസരിച്ച് മലപ്പു ജില്ലയിൽ ഡെപ്യൂട്ടി കളക്ടർ, ജില്ല കോർഡിനേറ്റർ, എക്സിക്യൂട്ടീവ് എഞ്ചിനീയര നിർവ്വഹണ ഏജൻസി കളുടെ ഉദ്യാഗസ്ഥ പഞ്ചായത്ത്/ മുൻസിപ്പൽ സെക്രട്ടറിമാര ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽമാർ എന്നിവരെ ഉൾപ്പെടുത്തി പ്രവൃത്തിയുടെ പുരോഗ വിലയിരു- ത്തുകയുണ്ടായി. തുടർന്ന് നവംബർ ഡിസംബർ, ജനുവരി മാസങ്ങളിൽ നടന DDC യോഗങ്ങളിലും പ്രവൃത്തിയുടെ പുരോഗ വിലയിരുത്തി.<br><br>സംസ്ഥാന തലത്തിൽ പൊതുവിദ്യാഭ്യാ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തില നവകേരളം കർമ്മപദ്ധതി കോർഡിനേറ്ററു നേതൃത്വത്തിലും കിഫ്ബി ഫണ്ടിലുൾപ്പെ നിർമ്മാണ പുരോഗതി അവലോകനം ചെ കൊണ്ടുള്ള യോഗങ്ങൾ സംഘടിപ്പിച്ചിരുന്ന ഇതുമായി ബന്ധപ്പെട്ട നിർവ്വഹ ഏജൻസികൾ പ്രവൃത്തികളുടെ പുരോഗ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | മങ്കട നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ സ്കൂളിന്റെയും നിർമ്മാണം ഏതെല്ലാം തീയതികളിൽ പൂർത്തിയാക്കണമെന്നാണ് വകുപ്പ് നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (സി) | നിർമ്മാണപ്രവർത്തനം നടന്നുവരുന്ന സ്കൂളുകളുടെ നിർമ്മാണം നിശ്ചിത കാലയളവിൽ തന്നെ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായി തീയതി നിശ്ചയിച്ച് നൽകിയിട്ടില്ല. നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അംഗീകാരം വേഗത്തിലാക്കാനുള്ള നിർദ്ദേശം കിഫ്ബിയുടെ ഉദ്യോഗസ്ഥർക്കും ബന്ധപ്പെട്ട എസ്.പി.വികൾക്കും |

| | | | |
|---|---|---|---|
| | | | പൊതു വിദ്യാഭ്യാസ മന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ